M.S
256
1868

ദുഃസ്വപ്നം

(ഓട്ടംതുള്ളൽ)

കെ. വപ്പുപിള്ള ബി. എ.

പ്രകാശകൻ,

തോമസ് പോൾ ബി. എ.

വിദ്യാവിലാസം പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

1916

Copy right reserved.]

പ്രസ്താവന.

ക്രിസ്ത്വബ്ദം ൧൩൪൦-നും ൧൪൦൦-നും മദ്ധ്യേ ഇംഗ്ലണ്ടിൽ ജിയാഫ്റി ചാസർ എന്നു ഒരു മഹാകവി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാന്റർബറി കഥകൾ വളരെ കീർത്തിപ്പെട്ടിട്ടുള്ളവയാണ്. ദുസ്വപ്നം എന്ന ഈ കഥ ആ കഥകളിൽ ഒന്നായ (The Cock and the Fox) പൂവൻകോഴിയും കുറുക്കനും എന്ന കഥയിൽനിന്നും സ്വല്പമായ ചില ഭേദഗതികളോടുകൂടി ഭാഷപ്പെടുത്തിയിരിക്കയാണ്. ലോകസ്വഭാവം അനുഭവിച്ചറിഞ്ഞിട്ടുള്ളതുപോലെ വർണ്ണിക്കുന്നതിനു ചാസർക്കുണ്ടായിരുന്ന സാമർത്ഥ്യം അദ്ദേഹത്തിന്റെ കവിതയുടെ ഒരു പ്രത്യേകമാഹാത്മ്യമാണ്. കവിതയിൽ പ്രകടിപ്പിച്ചിട്ടുള്ള ഭാഷാലാലിത്യവും അകൃത്രിമഭംഗിയും ആരെയും ആനന്ദിപ്പിക്കുന്നതാണ്.

ഗ്രന്ഥകർത്താവ്.

256

ഓട്ടന്തുള്ളൽ.

ദുസ്സ്വപ്നം.

പണ്ടുമഹാബലിപുരമെന്നതിപുകൾ
പൂണ്ടൊരുദിക്കിലൊരടവീനികടേ
നീണ്ടുവളഞ്ഞൊരു പുഴയതിഗജ്ജവ-
മാണ്ടുഗമിച്ചാനതിനുടെ തീരം
കണ്ടാലാക്കുമൊരത്ഭുതകൌതുക-
മുണ്ടാക്കുംപടിയത്രമനോജ്ഞം
കേരം പനസം ക്രമുകംമുതലായ്-
ക്കേരളരാജ്യത്തുള്ളമരങ്ങൾ
ധാരാളം വരിവരിയായിട്ട-
ത്തീരത്തിങ്കൽ ശോഭിക്കുന്നു.
താലംതിന്ത്രിണി ചൂതംപൂഗം
സാലരസാലതരുക്കളുമനവധി
കാലംകൊണ്ടു വളന്നവപലവിധ-
മാലോകനസുഖമേകിടുമാക്കും
സ്വച്ഛതപെരുകിന പച്ചപ്പുല്ലുകൾ
പച്ചപ്പട്ടു വിരിച്ചകണക്കിനു
വാച്ചുതഴച്ചു കിടപ്പതുകണ്ടാൽ
വച്ചുപിടിപ്പിച്ചെന്നേതോന്നു.
പലനിറമുള്ള സുമങ്ങളിലനവധി-
യളികുലകേളികളവിടെക്കാണാം
കലിതകുതൂഹലമരികിലടുക്കും
കളരവമോടു തിരിച്ചുപറക്കും
ചിലതിൽചേരും ചിറകുചുരുക്കും

ഫലമില്ലാതെ മുഷിഞ്ഞുതിരിയ്ക്കും
വളയംവയ്ക്കും വാഞ്ഛരമുഴക്കും
വലിയസുമങ്ങളും തിരഞ്ഞു ചരിക്കും
നിലയംപിന്നിവതന്നെന്നാക്കും
നിലയിൽകിട്ടിയ മധുസേവിയ്ക്കും
തലയുംകുത്തി നമിയ്ക്കുംപിന്നെ
പ്പലകുറിയത്നം ചെയ്തെഴുനേല്ക്കും
ദളപടലങ്ങളിലെത്തും വീണ്ടും
ദളിതസുമങ്ങളിലാൎത്തുപതിയ്ക്കും
വളരെപ്പറയുന്നെന്തിനിവണ്ണം
നളിനമണാളവിയോഗത്തോളം
കളിയല്ലിങ്ങനെ ഭൃംഗാവലിയ-
പ്പുളിനേവിലസും സുമനിചയത്തിൽ
കളിരുചിയാൻ മദിപ്പതുകണ്ടാ-
ലളവില്ലാതുളവാകും മോദം.
വല്ലികളോരോ ഭൂരുഹവരരാം
വല്ലഭരൊത്തു സുഖിച്ചീടുന്നു.
സല്ലീലകളാൽ ഖഗതതിസതതം
ഉല്ലാസേന രസിച്ചീടുന്നു.
നല്ലൊരുഗാനവിശേഷംകൊണ്ടി-
ട്ടല്ലലശേഷമകററീടുന്നു.
ഇല്ലമഹാബലിപുരമാമിതിനൊട്ടു
തുല്യതചൊല്ലാൻ മറെറാരുദിക്കും.

മട്ടുമാറി.

മാനസാനന്ദം വളൎത്തുമീദിക്കിന്നു
ന്യൂനതചൊല്ലുവാൻ തെല്ലുമില്ലൊന്നിലും
ഗ്രാമമുണ്ടൊന്നിപ്രദേശേഗൃഹങ്ങളൊ
കേമമായിട്ടൊരു നൂറിൽ കുറവില്ല

നിത്യവൃത്തിയ്ക്കു നിവൃത്തിയില്ലാതുള്ള
മർത്ത്യരെക്കാണുവാനില്ലൊരുകോണിലും
വാരിജസംഭവാജ്ഞാനുസാരം ധനം
കോരിവാരിച്ചെലവാക്കാൻ കഴിവുള്ള
പൌരപ്രധാനികൾ ദാരിദ്ര്യദേവത-
ക്രൂരിൽകൊട്ടത്തില്ലൊരേടമിരിപ്പിടം
മത്സരമില്ല മമതയല്ലാതില്ല
കുത്സിതമായുള്ള വൃത്തിയില്ലാക്കമെ
ഏഷണിചൊല്ലിനടക്കുന്നവരില്ല
ദൂഷണംകൊണ്ടു തെളിയുന്നവരില്ല
ഭീഷണിവാക്കു പറയുന്നവരില്ല
മോഷണം ഭൂഷണമെന്നുവെപ്പോരില്ല
ഭള്ളുപറഞ്ഞുനടക്കുന്നവരില്ല
കള്ളുകുടിച്ചു മദിയ്ക്കുന്നവരില്ല
കൊള്ളയിലൌൽസുക്യമോടു തിരയുന്ന
കള്ളരുമില്ലിപ്രദേശത്തിലെങ്ങുമേ.
വ്യാധിപിടിച്ചു തളർന്നവരുമില്ല
സാധുക്കളിൽ കൃപയില്ലാത്തവരില്ല
സാധിക്കരുതാത്ത മോഹമാം ദുർബ്ബാധ
ബാധിതരായൊരു ഭൂതരുമില്ലത്ര
ലീലയിൽപോലും പൊളിപറഞ്ഞീടുന്നൊ-
രാളുകളക്കാലമത്രിക്കിലേയില്ല
പുംശ്ചലീമാരാമവരുടെ പുഞ്ചിരി-
ക്കൊഞ്ചലിൽവീണു മയങ്ങുന്നവരില്ല
വഞ്ചിപ്പതിന്നതിവാഞ്ഛയാവാണിടും
വഞ്ചതിയന്മാരുമില്ലിപ്രദേശത്തു്
കാണുന്നനേരത്തു കാലിൽ പിടിച്ചുടൻ
വീണുനമസ്കൃതിചെയ്തുമറയുമ്പോൾ

വാണികൾ കൊണ്ടതിദൂഷണമോതുന്ന
വീണരാം ദുർജ്ജനൌഘങ്ങളുമില്ലഹോ
പാലിപ്പതിനുള്ള ഭാരംവഹിച്ചിട്ട്
കാലിൽപിടിച്ചു നിലത്തടിച്ചീടുന്ന
ശീലം വശത്താക്കി വാഴുന്നദുഷ്പ്രഭു
ജാലവുമന്നവിടെങ്ങുമുണ്ടായില
വിശ്വാസപാതകമെന്നുള്ളദോഷമ-
നശ്വരപാപമെന്നോക്കാത്തവരില്ല
ഈശ്വരവിശ്വാസമില്ലാത്തവരില്ല
ശാശ്വതധർമ്മമില്ലാത്തജനമില്ല.
എന്തിന്നിങ്ങേറെപ്പറയുന്നിവിടെയാ-
പ്പന്തികേടായുള്ളതേപറവാനില്ല.
ഇപ്രദേശത്തിന്നൊരല്പമകലെയായ്
സൽപുത്രിമാരായ രണ്ടുപേരൊന്നിച്ചു
നിത്യതയ്ക്കേറും പരുങ്ങലില്ലാതെക-
ണ്ടുത്തമയാകും വിധവയാം മാതാവു
ചിത്തംജഗദീശനിൽ ചേർത്തുറപ്പിച്ചു-
മൊത്തവണ്ണം വേലചെയ്തും നിരന്തരം
കൃത്യങ്ങളൊന്നിനും വീഴ്ചവരുത്താതെ
തൃപ്തിയോടങ്ങുവസിച്ചുദിവാനിശം.
സ്വത്തെന്നുചൊല്ലുവാൻ മാത്രമിവർക്കൊരു
വസ്തുവുമില്ലെന്നുതന്നെപറഞ്ഞിടാം
യഷ്ടികളായിട്ടുകാലംകഴിപ്പതു
കഷ്ടമെന്നോർത്തവരൊത്തുചിന്തിച്ചുടൻ
നഷ്ടദാരിദ്ര്യദുഃഖത്തിരമാലയിൽ
പെട്ടിടാതുള്ളുപായങ്ങൾജീവിക്കുവാൻ
കുട്ടിയായിട്ടൊരു പെണ്ണാടിനെത്തന്നെ
തുഷ്ടിയോടാദ്യം വിലയ്ക്കുവാങ്ങിച്ചവർ

കഷ്ടിച്ചുമൂന്നുമാസംകഴിഞ്ഞു പശു-
ക്കുട്ടികൾ മൂന്നിനെ വാങ്ങിച്ചുപിന്നെയും
പച്ചിലയും നല്ല പുല്ലുംജലവുമ-
ക്കൊച്ചുകിടാക്കൾക്കു നൽകി ദിനംപ്രതി
പിച്ചക്കളികളും കണ്ടുമോദിച്ചവ-
രിച്ഛപോലോരോരോ ഭക്ഷ്യംകൊടുത്തുടൻ
കൊച്ചെരുത്തിൽതീർത്തതിൽകെട്ടി ലാളിച്ചു
കൊച്ചുകുമാരികളാകിയ പുത്രിമാർ
വൃദ്ധയാം മാതാവിന്നീലീലകൾസദാ
നേത്രപീയൂഷമായ്ത്തന്നെ ചമഞ്ഞിതു
നേരംവെളുത്താലിരുട്ടംവരയ്ക്കൊരു
നേരം വൃഥാകളയാതിവർ മൂവരും
ഓരോരോവേലകൾ വീതിച്ചുചെയ്യതി-
ന്നാരുകണ്ടാലും കൊതിയ്ക്കാതിരിയ്ക്കുമോ ?
വീട്ടിലെങ്ങുമൊരു മാലിന്യമില്ലതിൻ
ചുററുപാടും പരിശോഭിച്ചിതേററവും
പാത്രങ്ങളുള്ളതു തേച്ചുവെളുപ്പിച്ചു
ചേർത്തുവച്ചാനൊരു പീഠോപരിദിനം
ആഡംബരത്തിനോരാടയെടുക്കുവാൻ
ക്രൂടകില്ലിന്നഗ്ഗൃഹത്തിലൊരിടത്തും
ആഭരണങ്ങളണിയുവാനുള്ള
സ്വഭാവമവക്കില്ല ബാല്യകാലംമുതൽ
ശുദ്ധവസ്ത്രം ധരിക്കേണമെന്നുള്ളൊരു
സിദ്ധാന്തമായവക്കില്ലാതിരുന്നില്ല.
വീട്ടിന്നരികെ വടക്കുഭാഗത്തൊരു
തോട്ടമുണ്ടാക്കീട്ടതിൽ സസ്യജാലങ്ങൾ
നട്ടുപിടിപ്പിച്ചു നിത്യവുംസേചനം
മുട്ടാതെതന്നെ കഴിച്ചുകുമാരിമാർ

അച്ചിങ്ങപാവയ്ക്കപീച്ചിങ്ങകോവയ്ക്ക
കാച്ചിൽപട.വലക്കായമരക്കകൾ
മെച്ചമേറുംനല്ല വെണ്ടയ്ക്കമത്തങ്ങ
പച്ചമുളകുപലതരംചീരകൾ
പച്ചബ്ബൃഹതീഫലങ്ങൾമുരിങ്ങക്ക
പാൽചേമ്പുകത്തിരിക്കാക്രുക്ക്ചേനകൾ
വെള്ളരിക്കാചുണ്ടചീനിയമരയ്ക്ക
മുള്ളംകികുമ്പളങ്ങാപയർവർഗ്ഗങ്ങൾ
കൂട്ടുവാനുള്ളീവകകളഖിലമാ
തോട്ടത്തിൽനിന്നു ദിനംപ്രതിസിദ്ധിച്ചു.

മട്ടുമാറി.

ഫലമൂലാദികൾ വളരെയിവണ്ണം
നലമൊടുതോട്ടം തന്നിൽവളർത്തി-
പലപലവാഴകൾ വച്ചുപിടിപ്പി-
ച്ചുലസാക്ഷികളുമിതാനന്ദേന
ചിങ്ങൻചാരക്കാളിയൊടണ്ണാൻ
ഭംഗിവളർത്തും തേവൻകദളീ
വണ്ണ-കൂട്ടം മൊന്തൻവാഴകൾ
കണ്ണൻമണ്ണൻ കദളിപടററീ
തുളുവൻപൂവൻരസപൂവൻരസ
കദളീരംഭകൾ ഞാലിപ്പൂവൻ
മൂംകിലുമനവധിപാളേൻകോടൻ
ചെംകദളീകുഴിവാഴകളേത്തൻ
ഇത്തരമുള്ളൊരുവാഴകളനവധി
ചിത്തകുതൂഹലമോടുവളർത്തീ
മറെറാരുഭാഗം ചെത്തിയൊരുക്കി
കററമൊഴിച്ചു കളങ്ങൾതിരിച്ച്

ചുററും വേലികൾ കെട്ടീട്ടതിനക-
മേററം കൌതുകമേകും മട്ടിൽ
മുല്ലകൾ പിച്ചകമരളികൾ തുളസികൾ
മല്ലികകുരുമൊഴി ചമ്പകമെന്നിവ
നട്ടുനനച്ചുപിടിപ്പിച്ചവയെ-
പ്പുഷ്ടിവരുത്താൻ വേണ്ടവിധത്തിൽ
പരിചരണം കൊണ്ടിരുസോദരികളു-
മുരുതരസുഖമൊടു വാണാരവിടെ.

മട്ടുമാറി.

അമ്മയും മക്കളുമായിമ്മട്ടിൽഭവനത്തിൽ
സമ്മോദാൽവാണിടുമ്പോളേകദാമൂത്തപുത്രി
വെണ്മതിച്ചന്ദ്രികപോൽ നിർമ്മലസ്മിതത്തോടെ
തന്മനതാരിലുള്ള സമ്മോഹമറിയിച്ചു.
അമ്മേയെനിക്കുണ്ടൊരു നിസ്സാരമായവാഞ്ഛ
നിന്മനക്കാമ്പുതെളിഞ്ഞെന്നാലേസാധിക്കാവൂ
കണ്ടുഞാനൊന്നൊരുദിക്കിലിന്നൊരുകുക്കുടത്തെ
ഉണ്ടവനോടുകൂടീട്ടേഴുപിടക്കോഴികൾ
കണ്ടാലഴകേറുമീകോഴികളെട്ടിനേയും
വേണ്ടവിലകൊടുത്തുവാങ്ങിച്ചുവളർത്തീടിൽ
ഉണ്ടാകില്ലൊരുമുട്ടുംമുട്ടകൾവിററുനമു-
ക്കുണ്ടാക്കാംപണമേററംവേണ്ടാവിഷാദമുള്ളിൽ.

മട്ടുമാറി.

പുത്രിക്കുള്ളൊരുവാഞ്ഛിതമഖിലം
ശ്രുത്വാജനനീസത്വരമവളുടെ
ഗാത്രംതൊട്ടുതലോടിപ്പലവുരു
മൂർദ്ധാവിങ്കൽചുംബനമേകി
നേത്രംരണ്ടുംനിറയുംബാഷ്പം

വാൎത്തപറഞ്ഞുകന്നിഞ്ഞീവണ്ണം
“മകളേകൊള്ളാംനിന്നുടെമോഹം
ശകലംസമയംതെററിക്കേണ്ടാ.
സകലംസമ്പ്രതിസഫലപ്പെട്ടുമതിൽ
വികലതതെല്ലുംവരുവാനില്ല.
സാധിപ്പാനെളുതല്ലാത്തുള്ളൊരു
സാധനമേതോകിട്ടേണമെന്നു
ബോധിപ്പിക്കുംനീയെന്നാദ്യമൊ-
രാധിയെനിക്കുണ്ടായതുനീങ്ങി.
ദുഷ്ടവിചാരംമനസിജനിച്ചതു
കഷ്ടംതന്നെനിനയ്ക്കുന്തോറും
കുട്ടികൾനിങ്ങളൊരിക്കലുമെന്നുടെ
തുഷ്ടിക്കൊരുതടവുളവാക്കാതെ
ശിഷ്ടതയോടുവസിച്ചീടുക റ
വിട്ടുനിനച്ചതുകഥയില്ലായ്മ.
കോഴികൾവാങ്ങിവളൎത്തുകിലായതു
പാഴായ്വരുവാൻസംഗതിയില്ല
ശേഷിക്കൊത്തപ്രവൃത്തിനടത്തി-
ത്തോഷിക്കുന്നതിലെന്തൊരുദോഷം
കോഴിപ്പണമൊരുകോടിപ്പണമെ-
ന്നൂഴിയിലൊരുചൊല്ലുണ്ടിഹമുന്നേ.”

മട്ടുമാറി.

സമ്മതിച്ചുകന്നിവോടുകഥിച്ചോ-
രമ്മതൻ മൊഴികൾകേട്ടുകുമാരി
പാണികൂപ്പിപരിരംഭണസൌഖ്യം
ത്രാണിപോലെജനനിക്കഥനൾകി.
താണുവീണുപദതാരിണതൊട്ടി-

ട്ടേണമാലോചനയിവണ്ണമുരച്ചു
"പ്രാണനുള്ളതുവരയ്ക്കുമിതെന്നുടെ
മാനസത്തിലൊഴിയാതെയിരിക്കും"
അസ്തശങ്കമൊരുപത്തനമെത്തി-
ത്തത്രകോഴികളെവാങ്ങിവിലയ്ക്കു
ബദ്ധമോദമവിടുന്നുതിരിച്ചി-
ട്ടുത്തമാംഗിഭവനത്തിൽമടങ്ങി
പുത്തനാകുമൊരുപഞ്ജരമപ്പോൾ
തീൎത്തതീവസുഖമേകിയവറ്റെ
പുത്രവത്സലതയോടുവളൎത്തി-
പ്പാൎത്തപാരപരിതോഷിതയായി.

മട്ടുമാറി.

കോഴികളെന്നു നിനച്ചിട്ടാരും
ഭാഷിപ്പാനായ് മുതിരുകവേണ്ടാ
മൃഗതതിഖഗതതിയെന്നിവയേബഹു
വകതിരിവുള്ളവർ ബഹുമാനിയ്ക്കും.
മൃഗരാജാവായ്ക്കേസരിയില്ലേ
ഖഗരാജാവായ്ത്താൎക്ഷ്യനുമില്ലേ
ബലവാന്മാരിവരെല്ലാരുടെയും
ബഹുമാനത്തിനു പാത്രവുമല്ലേ
കേമന്മാരിരുവംശങ്ങളിലും
ഭൂമിയിൽവന്നുപിറന്നിട്ടില്ലേ
കുക്കുടമെന്നുവിചാരിച്ചൊരുവക
ധിക്കൃതിമനസ്സിലുദിച്ചീടാമോ
നേരശരിയായിട്ടറിയിപ്പാൻ
നേരിവനാരുള്ളീധരയിങ്കൽ
ഉൗഴംരണ്ടുണ്ടെന്നുവെളിപ്പാ-

നേഴരയാണാനേരംനോക്കി
മോഴകളഞ്ഞെഴുന്നേല്പിൻസമയം
പാഴാക്കരുതെന്നോതുംവണ്ണം
ക്രുകീട്ടുലകിന്നേകുമുണൎച്ച്-
യ്യാകവെയധികൃതനാകുംമട്ടിൽ
ആസകലംനാംജോലിതുടങ്ങാൻ
ശാസിക്കുന്നതുകുക്കുടമല്ലെ.
രാത്രിയൊരൎദ്ധംചെല്ലുന്നേരം
മാത്രയൊരിത്തിരിതെററിക്കാതെ
ശാസ്ത്രവിദഗ്ദ്ധൻതാനെന്നുള്ളൊരു
കീൎത്തിപരത്താൻകൂവുന്നില്ലെ.
നാഴികമണിയെന്നുള്ളൊരുസാധന-
മൂഴിയിൽവന്നുപരക്കുമ്മുമ്പെ.
നാഴികകാട്ടിത്തന്നതുപൂവൻ
കോഴികളെന്നുമറന്നീടാമോ.
നക്ഷത്രങ്ങടെയുദയാസ്തമയം
പക്ഷെയീവകയറിയുന്നുണ്ടോ.
ഇണ്ടരനിമിഷാതെററിപ്പോകാം
ഉണ്ടാകില്ലൊരബദ്ധമിവയ്ക്കു
ഉപകാരങ്ങളിവണ്ണംചെയ്യോ-
ൎക്കുപകാരംനാമിച്ഛിക്കാമൊ
നമ്മുടെകുക്കുടവരനീഗുണഗണ
സമ്മേളിതനായ്ശോഭിച്ചിവിടെ
കോഴിക്കായുസ്സേററംകുറവാ-
ണഴകുനിനച്ചാലളവില്ലേതും
വേഷംനോക്കിവിശേഷജ്ഞന്മാർ
ഘോഷിക്കുന്നിതുപണ്ടേതന്നെ
കുക്കുടവരനുടെവേഷവിശേഷം

ദുർഘടമത്രെചൊൽവതശേഷം
കനകപ്പൊടിയിൽ കുംകുമമിട്ടു
നനവുകൊടുത്തുകുഴച്ചിവരണ്ടും
തനുവിൻപുറമടിമുടിയോളംചേ-
ർത്തനുപമഭംഗികലർത്തിവളർത്തി
മിനുസംക്രുട്ടിച്ചുവരേഖകളാൽ
ഘനരുചിവീണ്ടുമിരട്ടിച്ചേവം.
ജനനത്തിന്നിടയാക്കിയ സരസിജ-
തനുജൻതൻകരകൌശലജാലം
അനുമാനിപ്പാനാവൊന്നല്ലീ
മനുജർക്കെന്നുധരിച്ചീടാനായ്
പണിതീർക്കക്കേടവരനുടെഗാത്രം
പണിയോതാനീയത്ഭുതകൃത്യം
പൂവിൻഭംഗിയൊടൊത്തുമുരിക്കിൻ-
പൂവിന്നുണ്ടൊരു തുല്യതചൊൽവാൻ
കടുനിണകാന്തികലർന്നൊരു പൂവി-
ന്നിടയിടെവിടവുകളുണ്ടുവിശേഷാൽ
വടിവുനിനച്ചാൽ നല്ലൊരറക്ക-
ക്കൊട്ടുവാളിന്നുടെ പല്ലുകൾപോലെ.
കുന്റുത്തിങ്കൽവളർന്നുവളർന്നഴ-
കാണ്ടുകിടക്കും തുവലുകണ്ടാൽ
ത്തുണ്ടികടിച്ചാശ്യാമളഗളവും
കൊണ്ടുഗമിക്കും കേകികളഖിലം
ചുണ്ടിൻവർണ്ണം ഞൊറപ്പഴമൊട്ടു-
ശണ്ടുപിടിച്ചു തെളിഞ്ഞീടുന്നു.
പങ്കജരുചിരം ചരണദ്വന്ദ-
ത്തിങ്കൽവളർന്ന വളഞ്ഞുലസിക്കും
തിങ്കളൊടംകമിടും നഖരാവലി-

പങ്കേജബന്ധുതച്ചന്ദ്രാദ്യചേൎക്കും.
വൎണ്ണത്തിൽ ചിലഭേദം ചേൎത്തും
കണ്ണിന്നു കൌതുകമേററമണച്ചും
വൎണ്ണ്യവിശേഷതയോടുധരിത്രീ
ഖണ്ഡത്തിങ്കലനേകനൃപന്മാർ
ചണ്ഡഭുജപ്രഭകാട്ടുന്നംശുക
ഖണ്ഡംപോലെവിധാതാവിവനൊരു
ദണ്ഡംതട്ടാതുള്ളവിധത്തിൽ
ദണ്ഡംകൂടാതേകപതാകയെ
വാലായിട്ടു വളൎത്തിപ്പുംകുല
പോലായൊട്ടു വളച്ചിട്ടുള്ളൊരു
തൂലികകണ്ടാൽ ഭ്രൂപതനത്തിനു
പോലും തെല്ലവകാശമിവന്നു
ചേലൊടുചേൎക്കാമെന്നൊരുപക്ഷം
കാലോചിതമായ് തോന്നിടുമാൎക്കും.

മട്ടുമാറി.

യോഷാമണികളായിട്ടേഴുണ്ടു കളത്രങ്ങൾ
കോഴികൾകുലദീപമാമീക്കക്കടത്തിന്നു
പട്ടമഹിഷിയായി വേട്ടാനപ്പിടകളിൽ
ജ്യേഷ്ഠസോദരീ സുഭദ്രേതിപേൎപൂണ്ടവളെ
ഭദ്രയാംസുഭദ്രയിൽ പ്രത്യേകമനുരാഗ
ചിത്തനായ്ത്തന്നെവാണു സത്തമൎക്കുക്കുടേന്ദ്രൻ
മട്ടോലുംമൊഴിമാരാം മററുള്ളഭാൎയ്യമാൎക്ക-
നിഷ്ടമായ്തോന്നിയില്ലീ ദാക്ഷിണ്യവൃത്തിതെല്ലും
സോദരിമാരാമവർ മേദുരസുഖത്തോടെ
സാദരംപെരുമാറി സാധുഗുണശീലകൾ.
കുക്കുടവരൻതാനും ചിക്കെന്നുപ്രസാദിച്ചു

കൊക്കിക്കാലുകൾകൊണ്ടു [illegible]ിലും
മൈക്കണ്ണിമാരാമവരുൾക്ക[illegible]വോട്ടമപ്പോൾ
തക്കത്തിലോടിച്ചെന്നു കൊക്കിലാക്കും ഭക്ഷ്യങ്ങൾ
ഓടിയോടിക്കളിക്കും—പാടിസ്സുഖിച്ചു വാഴും
തേടിപ്പതിതന്നോടി-പ്പാട്ടുനോക്കി[illegible]
മോടിയേറുന്നകണ്ടും ധാടിയോടൊട്ടയത്തി
മാടിക്കണെവൻവിളിച്ചീടുമ്പോളടുത്തീടും
പേടിയെന്തിന്നുകാന്തൻ കൂടെച്ചരിച്ചീടുമ്പോൾ
പാടവംപലതുംകാട്ടീടാനെന്തുവിഷമം
ചിക്കംപലസ്ഥലത്തും ചിക്കെന്നുനടകൊള്ളും
കൊക്കിക്കൊണ്ടൊരുദിക്കിൽ വെക്കമെടുത്തുപെല്ലും,
കോഴക്കൂടാതെകണ്ടു പൂഴിചികഞ്ഞുമാററി
കോഴികൾതരംപാററി വാഴുംപലസ്ഥലത്തും.

മട്ടുമാറി.

വരനാംകുക്കുടമിങ്ങിനെതന്നുടെ
തരുണികളൊത്തുവസിക്കുംകാലം
രണ്ടുവെളുപ്പുള്ളപ്പോളൊരുനിശി
കണ്ടുഭയങ്കരമായൊരുസ്വപ്നം
ഇണ്ടൽക്കധിവശനായിട്ടേററം
തൊണ്ടവിറച്ചു കരഞ്ഞുച്ചത്തിൽ
കിടുകിടെ ഉടലുവിറപ്പിച്ചുംചില
പടുതരചാപലതകാട്ടിയുഴന്നും
ഝടുതിനടുങ്ങിഭയകമ്പിതനായ്
ഝടതഝടനെന്നു നിലത്തുപതിച്ചു.
ഭർത്തൃസമീപേനിദ്രയിൽവാണൊരു
ഭദ്രസുഭദ്രയുണന്നുഞെട്ടുങ്ങി.
ആത്തസ്വരഭയവിഹ്വലയെങ്കിലും

ആൎദ്രതപൂണ്ടിതിചോദ്യംചെയ്തു
"കാന്താപുഷ്പശരോപമസുമതേ
ഭ്രാന്തിക്കെന്തൊരുബന്ധമിദാനീം
കാന്തകൾഞങ്ങൾപിരിഞ്ഞീടാതെനി-
താന്താസവിധേ വാഴുന്നില്ലേ
കണ്ടറിവില്ലീവിധമൊരുസംഗതി
പണ്ടൊരുകാലവുമെന്നുടെനാഥ.
കരയാനുള്ളൊരു കാരണമഖിലം
കരുണാപൂൎവ്വമുരച്ചീടേണം"
അരുവയർമണിയുടെ ഗീരുകൾകേട്ടു
വരളുന്നാധിയൊടിങ്ങനെചൊല്ലി.

മട്ടുമാറി.

"തരുണിമണിജനമഖിലമടിയിണകൾകൂപ്പുന്ന
തന്വംഗി!കേൾക്കനീയെന്നുടെ ഭാഷിതം
കരളിലതികഠിനഭയവ്യഥകളുളവാക്കിടും
കഷ്ടമാം സ്വപ്നമൊന്നുണ്ടായെനിക്കെടോ
ബലമുടയരിപുവരിയകരുമിഴിയുരുട്ടിമാം
ബന്ധനംചെയ്തതിൽപിന്നെയെന്നോമലേ
കലുഷതരഹൃദയമൊടു കരചരണയുഗ്മങ്ങൾ
കശ്മലൻചേൎത്തുമദ്വക്ഷസിനിൎദ്ദയം
സമരഭുവിയതിലധികപരവശതപൂണ്ടുഞാൻ
സാമ്പ്രതംവീണുനിന്നാണമനോഹരെ
കഠിനതരരടിതമൊടു താൽക്ഷണംകൊണ്ടെന്റെ
കണ്ഠത്തിലെത്തിപ്പിടിച്ചു പിടച്ചുഞാൻ
ചരമഗതിഭയമൊടുടനുഴറിവിളിക്കൂട്ടിനേൻ
ചാരുസ്മിതേ!കണ്ട സ്വപ്നമേവംവിധം
കരിണികുലമടിപണിയുമതിരുചിരഗാമിനി

കാരണംചൊൽകനി! കാരുണ്യസത്തമേ!
ഒരുപിഴയുമൊരുപൊഴുതുമൊരുവനൊടുചെയ്യതായ്
ഓൎക്കുന്നതില്ലഞാൻ ഉത്തമോത്തംസമെ.
വിധിവിഹിതമൊരുതരവുമരുതരുതുനീക്കുവാൻ
വിദ്വന്മതമിതു സൎവ്വത്രസമ്മതം
സുമുഖിമമമതിവിപുലചപലതകളല്ലെടാ
സ്വപ്നംചിലപ്പോൾ ഫലിക്കുന്നതല്ലയോ
പടുതയൊടുപടപൊരുതപാപിയാംശത്രുവിൻ
പാദാദികേശം പറഞ്ഞുകേൾപ്പിച്ചിടാം.

മട്ടുമാറി.

വേഷംശപാവിനുമിവനും തുല്യം
ശേഷംചൊൽവാനുണ്ടൊരുവിഷമം
ദൂഷണമൊന്നൊണ്ടിവനെക്കണ്ടാൽ
മോഷകനെന്നുടനാക്കുംതോന്നും
ഭോഷതപത്തിലകപ്പെട്ടകില്ലാ
ശേഷിയ്ക്കൊത്തപ്രവൃത്തിയുമല്ലാ
ദോഷംപറവാനുള്ളതുചൊല്ലാം
ഭ്രൂഷണമത്രേകപടതയെല്ലാം
പോഷണവൃത്തിയ്ക്കുള്ളപ്രവൃത്തി
ഭാഷണമുള്ളിലിരിപ്പെന്നീവക
രംഷൽകളവുംചതിവുംചേരത്ത
ഭേഷാവു എന്നാണഭ്യസനം
ദോഷമൊരുത്തനുപററിച്ചാൽ സ-
ന്തോഷംവരുമിവ പ്രകൃതിവിശേഷം
നീണ്ടമുഖംതെല്ലൊട്ടിയകവിളിന്ന
കണ്ടാകുവരുതുകട്ടപ്പബുദ്ധി
നേത്രദ്വന്ദ്വംവഞ്ചനയെന്നൊരു

സൂത്രത്തിൻെറ നിദാനസ്ഥാനം
ശ്രോത്രംരണ്ടും കൃത്തവച്ചുമ്മാ
സ്തോത്രംചെയ്യാൻ ചതുരതപോരം
ഗാത്രംതവിട്ടും കരിയുംതമ്മിൽ
ചേൎത്തുകലത്തിയതത്രേപാൎത്താൽ
രാത്രിയിലാണു വെളിക്കുസഞ്ചാരി
മാൎത്താണ്ഡോദയമാകിലുറക്കം
നീണ്ടൊരുവാലിൽ നെട്ടതാംരോമം
വേണ്ടതിലധികം കാണ്മാനുണ്ടു്
കണ്ടാൽകരുവികൾപോലെനഖങ്ങൾ
രണ്ടുമ്മേറ്റം വിരുതൻതന്നെ
വേണ്ടാസനമെന്നൊരുവകയിവനെ
ക്കൊണ്ടാസ്കലംഭവിയുളവാകും
രണ്ടാമത്തെക്കാലൻതന്നതി-
നുണ്ടാകില്ല വികല്പമൊരല്പം.
ഇരുചെവിപൊത്തിക്കളഭാഷിണിപു-
ഞ്ചിരിയുംപൂണ്ടു പറഞ്ഞുടനിത്ഥം
"കഷ്ടംകഷ്ടംകാലമിതെത്രനികൃഷ്ടം
പാൎക്കുകിലെന്നുടെ കാന്ത
രണനാമൎത്ഥ്യം കുറവോഎന്നുടെ
രമണനുകേൾവിക്കുറവു വരുന്നോ.
യുദ്ധത്തിന്നു വിദഗ്ദ്ധതയുള്ളൊരു
ഭൎത്താവുണ്ടു സുഭദ്രയ്ക്കെന്നു
പാൎത്തലവാസികൾചൊല്ലും നല്ലൊരു
കീൎത്തിനശിപ്പാൻ തുനിയുന്നോ നീ.
പ്രാണഭയംകൊണ്ടെന്നുടെ കണവൻ
നാണിച്ചോടിക്കോണിലൊളിച്ചു
വാണീടുന്നു ദിവാനിശമെന്നാ-

വാണിനമുക്കൊരു നാണയമാണൊ!
കഷ്ടാഞാൻ സഖിമാരുടെ മുമ്പിൽ
പെട്ടെന്നാലവരാൎത്തു ചിരിക്കും
കൊട്ടും കയ്യിണയെന്നെക്കണ്ടാൽ
ഒട്ടുംബഹുമതി കാട്ടുകയില്ല.
കേട്ടോനിങ്ങൾ സുഭദ്രയ്ക്കുള്ളൊരു
ചേട്ടത്തം ബഹുചിത്രം ചിത്രം
കണ്ടാൽകാന്തൻ സുഭഗൻതന്നെ
രണ്ടാംകാമൻ സംശയമില്ല.
വേണ്ടാസനമവനില്ലിത്തിരിയും
പണ്ടേയുണ്ടൊരു ദോഷമനല്പം
ഭീരുതയുള്ളവരിവനേപ്പോലെ
പാരിലൊരുത്തരുമില്ലിഹനൂനം
ധീരൻതന്നെന്നുണ്ടൊരു ഭാവം
വീരൻതാനെന്നുണ്ടൊരു നാട്യം
ഇങ്ങിനെപലതും പറയുംസഖിമാ-
രെങ്ങിനെമാനം രക്ഷിച്ചീടാം.
സ്വപ്നത്തിൻ പരമാൎത്ഥസ്ഥിതിഞാൻ
സ്വല്പംചൊല്ലി തൃപ്തിവരുത്താം.
ഭക്ഷണമൊട്ടുദഹിക്കാതായാൽ
തൽക്ഷണമിങ്ങിനെ നിദ്രയിലുളവാം
പിത്തംകേറിമറിഞ്ഞെന്നാകിലു-
മിത്ഥമനൎത്ഥമനേകമുദിക്കും
കുംഭികൾ വന്നുതടുത്തെന്നുംചില-
പാമ്പുകൾവന്നുവദംശിച്ചെന്നും
വമ്പന്മാരായുള്ളരിപുക്കൾ
ജൃംഭിച്ചധികം ക്രുദ്ധിച്ചെന്നും
മാനത്തെങ്ങും ചിറകുകൾക്കൂടാ-

താനന്ദിച്ചു പറന്നോനെന്നും
കാന്താരത്തിലകപ്പെട്ടനവധി
സന്താപങ്ങൾക്കിടയായെന്നും
കടലിൽച്ചാടിത്തിരകളിൽമുങ്ങി
കരയിലടിഞ്ഞു കരേറിയതായും
ഘോരാകൃതിയിലൊരുത്തൻ വന്നു
മാറത്തങ്ങു കരേറിയിരുന്നു
ഏറെശ്ശക്തിപ്രയോഗിച്ചുരുതര
ഭീഷണികാട്ടിവലപ്പിച്ചെന്നും
ഭൂതപ്രേതപിശാചുകളെക്ക-
ണ്ടാധിവളൻവശംകെട്ടെന്നും
ഇങ്ങിനെയുളവാം ദുസ്സ്വപ്നങ്ങൾ
ക്കങ്ങുനിദാനമജീർണ്ണംതന്നെ.
ഔഷധികൊണ്ടിതു മാററാനായി
ശേഷിയെനിക്കുണ്ടെന്നറിയേണം
വൈദ്യന്മാരെ വിളിച്ചെന്നാലവ
രത്യാഗ്രഹമൊടു വിലക്രൂട്ടീടും
ഗ്രന്ഥമെടുത്തവരാകപ്പാടെ
ചിന്തവെടിഞ്ഞു ചികിത്സതുടങ്ങിയ
സന്ധുവിതെന്നുനിനക്കാഞ്ഞാൽപല-
തൊന്തരവുണ്ടാമെന്നടെകാന്താ.
വമനംശോധനയെന്നിവരണ്ടും
ശമനംചെയ്യും ദോഷവികാരം
ഭക്ഷണമൊന്നുചുരുക്കീടണം
രക്ഷയ്ക്കേററം ഗുണമുണ്ടപ്പോൾ
മാന്ദ്യംപോക്കാൻ നല്ലതുഞൊഞ്ഞൂൽ
മൂന്നിൽക്കുറയാതശനംചെയ്യ
പച്ചക്കറുകപ്പുല്ലിൻകതിരിൽ

സ്വച്ഛതയുള്ളതിലേഴെണ്ണം നീ
ഇച്ഛയ്ക്കൊത്തതരത്തിൽ തിന്നാൽ
നിശ്ചയമാണുശമിക്കുംരോഗം
സംഖ്യകളുള്ളതിൽവിഷമംനല്ലൂ
തൽകുലദേവതസന്തോഷിപ്പാൻ
രോഗമൊഴിഞ്ഞു വസിപ്പാനുള്ളൊരു
യോഗംചൊന്നതു ബഹുമാനിക്ക.

മട്ടുമാറി.

ചിന്തിച്ചുകാന്താകഥിച്ചോരുവാക്കുക-
ളന്തമ്മുദാകേട്ടു കുക്കുടശ്രേഷ്ഠനും
സ്വാന്തത്തിലുണ്ടായ ഭീതിയൊട്ടാററീട്ടു
ബന്ധുരഗാത്രിയോടീവണ്ണമോതിനാൻ.
ശാസ്ത്രങ്ങളിൽ കളവുണ്ടെന്നുചൊല്ലുവാൻ
പാത്രമല്ലേഷഞാനെന്നറിഞ്ഞീടണം
യുക്തികൾശാസ്ത്രം നിരക്കയില്ലെന്നോർത്തു
ധിക്കരിക്കാമൊ മഹദ്വാക്യഗൌരവം
ആപ്തവാക്യത്തിനുഭംഗമില്ലെങ്കിലൊ
"സ്വപ്നംചിലർക്കു ചിലകാലമൊക്കണം"
പണ്ടുദശഗ്രീവനുണ്ടായ സ്വപ്നത്തി-
നുണ്ടാവിഘാതം ഭവിച്ചുചിന്തിക്കനീ
വാരാന്നിധികൊണ്ടു ദുഷ്പ്രാപമായേറെ
ദൂരസ്ഥിതമാണുലങ്കയെന്നാകിലും
ശ്രീരാമദേവൻ കടന്നുചെന്നിലയോ
ധീരതയേറുംപടയോടുകൂടവെ
ഈരേഴുലോകം ജയിച്ചുള്ളരാക്ഷസ-
വീരനാം രാവണൻതന്നെ ജിതശ്രമം
ഘോരാഹവത്തിലമിത്രവർഗ്ഗാന്വി

സൂരാത്മജാലയത്തിന്നയച്ചീലയൊ—
കാലത്തുകാണുന്ന സ്വപ്നത്തിനു ബലം
കൂടുമെന്നല്ലെ പുകഴുന്നു ശാസ്ത്രവും.
മട്ടോൽമൊഴിമണേ ദുസ്വപ്നസംഭവം
കേട്ടാലുമിന്നിനീ വേറൊന്നു സാമ്പ്രതം.
തീൎത്ഥയാത്രക്കായിരണ്ടുസഹോദരർ
ചീൎത്തകുതൂഹലത്തോടു പുറപ്പെട്ടു
അക്കന്നെണയുന്നനേരത്തൊരമ്പലം
പുക്കവരങ്ങുശയിപ്പാൻതുടങ്ങവേ
മൂപ്പനായോരധികാരിപ്രത്യക്ഷനായ്
ധിക്കാരമായിട്ടവരോടുചൊല്ലിനാൻ
"ഉണ്ടിന്നിവിടെമൃഗബലിയെന്നതു
കണ്ടിട്ടുമൊട്ടും വകതിരിവില്ലയൊ
ഭൂതങ്ങളും കാളികൂളിപിശാചുകൾ
പാതിരയാവാൻ പ്രതീക്ഷിച്ചുപാൎക്കുന്നു
കണ്ടിതെന്നാൽ മാറുകീറിക്കുടനിണം
ഉണ്ടിടാതായവർ തൃപ്തരായീടുമോ
വല്ലിടത്തും പോയിരക്ഷനേടുന്നതു
നല്ലതെന്നോൎത്തുഗമിക്കുന്നതുത്തമം"
കൂട്ടുവിട്ടിട്ടവർ രണ്ടുപേരും രണ്ടു
വീട്ടിലെത്തിശ്ശയിച്ചീടിനാരക്ഷണം
നിദ്രയിൽവാഴുന്നവരിലൊരുത്തനു
ക്ഷുദ്രമായുള്ളൊരു സ്വപ്നമുണ്ടായഹോ
സോദരനെക്കൊലചെയ്യാനൊരുകൂട്ടങ്ങൾ
ഘാതകരാം ചിലർ ചെയ്യുന്നിതാദ്യവും
ആയുധപാണികളായിട്ടുനിൎദ്ദയം
ആയവരങ്ങുടനെത്തുന്നുരണ്ടാമതും
ഗാത്രത്തിലെല്ലാം മുറിവുകളേല്പിച്ചു

തീൎത്തുകഥയെന്ന പിന്നെമൂന്നാമത്തും
വണ്ടിയിലാക്കി ജഡംമറച്ചീട്ടവാൻ
ചണ്ടികളിട്ടതിന്മീതെയപ്പാപികൾ
കോട്ടവാതിൽ കടത്തീടുവാനായുള്ള
വട്ടംതുടങ്ങുന്ന എന്നനാലാമത്തും
കണ്ടിട്ടകണ്ണു മിഴിച്ചവൻമാറിങ്കൽ
രണ്ടുകൈകൊണ്ടുമടിച്ചലച്ചുകൊണ്ടു്
ഓടിക്കിതച്ചിട്ടുചെല്ലുന്നനേരത്തു്
തേടിയവണ്ടി കണ്ടീടിനാനായവൻ.
കൂട്ടിമുറവിളിഉച്ചത്തിലായത്തു്
കേട്ടുപുരുഷാരമാൎത്തുവന്നീടിനാർ.
വണ്ടിയിൽശോധനചെയ്യൊരുനേരത്തു്
കണ്ടുമൃതശരീരം കിടക്കുന്നതും
കണ്ടകന്മാരായ ഘാതകൎക്കൊക്കെയു-
മുണ്ടായിരാജ്യനീതിക്കൊത്ത ശിക്ഷകൾ
സുന്ദരിമാർമണേ! സ്വപ്നംഫലിച്ചീട്ടു-
മെന്നുള്ളതിന്നിതുദൃഷ്ടാന്തമല്ലയോ.

മുട്ടമാറി.

ചൊല്ലാമിന്നിയും വളരെക്കഥകൾ
വല്ലഭയാംനിൻബോദ്ധ്യത്തിന്നു്
കച്ചവടംകൊണ്ടാൎജ്ജിച്ചീടാം
വാച്ചൊരു സ്വത്തെന്നോൎത്തുമനസ്സിൽ
ചാൎച്ചക്കാരാം രണ്ടുയുവാക്കൾ
തീൎച്ചവരുത്തിയൊരുക്കക്കൂട്ടി
സാധനമനവധികപ്പലിലാക്കി
മോദമിയന്നുതിരിച്ചപതുക്കെ
ആറാംനാളൊരു തുറമുഖമെത്തി-

ട്ടേറെസ്സുഖമോടവിടെവസിച്ചു
ഭീതിദമായൊരുസ്വപ്നംകൊണ്ടു്
ബാധിതനായന്നവരിലൊരുത്തൻ
കണ്ടൊരുസ്വപ്നവിശേഷമശേഷവു-
മുണ്ടായോരുകണക്കേപറഞ്ഞു.
"യാത്രമുടക്കുകനന്നാണൊന്നും
മാത്രപിഴച്ചാൽ കടലിലെമട്ടുകൾ
പാർത്തിരിയാതെ മാറിപ്പലപല-
യാർത്തികളുടനാടിയുളവാമെന്നും
ആപത്തിങ്ങനെവരുമെന്നൊരുവൻ
കോപരസം പൂണ്ടറിയിച്ചെന്നും"
ചിരിപൂണ്ടപരൻസ്നേഹിതനോടു
പരിഹാസേനപറഞ്ഞുതുടങ്ങി
"അയ്യോകഷ്ടമിതെന്തൊരവസ്ഥ
ഈയ്യാൾക്കെന്താണിങ്ങനെ തോന്നാൻ
ദുസ്വപ്നങ്ങൾ വിചാരിച്ചാരും
ദുഃഖിച്ചിട്ടൊരു കാര്യവുമില്ല
ശൈശവകാലത്തുണ്ടാകും ചില
ആശയപരിചയമാവർത്തിച്ചു്
ദർപ്പണഛായകൾപോലെ മനസ്സിൽ
സ്വപ്നംവന്നിഹകുടിയേറുന്നു.
വാസ്തവമില്ലിതിൽ വസ്തുവുമില്ല
തീർത്തുകഥിക്കാമർത്ഥവുമില്ല
കായംകായുന്നേരത്തീവക
ഈയംവന്നിഹ തലയിൽകേറും
കാര്യവിശേഷജ്ഞന്മാർക്കിന്നീ-
ക്കാര്യംകൊണ്ടൊരു ക്ലേശവുമില്ല
കടലിൽകപ്പലിൽ വരുവാനായൊരു

തടവുണ്ടെന്നാലിവിടെവസിക്ക
കിട്ടുംലാഭമൊരല്പവുമീഞാൻ
വിട്ടിടുമെന്നുവിചാരിക്കേണ്ടാ”
എന്നുപറഞ്ഞപ്പോമരമെല്ലാം
നന്നായിട്ടുവിടുർത്തുവിരിച്ച്
കാററിൻതക്കം നോക്കിക്കപ്പൽ
നീററിൽക്കൂടിപ്പായിച്ചുടനേ
കാററുംപിശരും കാണ്മാനില്ല
ഉയററപ്പെട്ടൊരു പാറയുമില്ല
ചുഴിയില്ലവിടെയൊഴുക്കിൻശക്തി
കഴിവോളംകുറവെന്നിഹചൊല്ലാം
പെട്ടെന്നിസ്ഥിതി ഒക്കെപ്പോയി
കേട്ടുഭയങ്കരമായ മുഴക്കം
ആഴിക്കുള്ളിൽ മറഞ്ഞിതു കപ്പൽ
പാഴായ് വരുമോ പഴകിയമൊഴികൾ
മുന്നറിവല്പം ബഹുമാനിച്ചാൽ
ഖിന്നതവരുവാൻ കാരണമുണ്ടോ
കഥകളനേകം ചൊല്ലാമിങ്ങനെ
കഥയില്ലെന്നു ശഠിച്ചാൽവിഷമം
ഔഷധികൊണ്ടൊരുകാൎയ്യവുമില്ല
ശോഷിപ്പിക്കാം ദേഹമശേഷം
വിഷലേശംക്രൂടാതെ ഭിഷക്കുകൾ
വിഷമമൊരൌഷധി നൽകീടാനും
കൊള്ളാമവരുടെ കാൎയ്യംനേടാൻ
കൊള്ളുകയില്ലന്ന്യമുക്കതശേഷം
സ്വപ്നവിചാരം വച്ചുവളൎത്തി
സ്വസ്ഥതകളവാൻ കാൎയ്യവുമില്ല.

മട്ടുമാറി.

ഭാവമേവമുരചെയ്തുതദാനീം
ഭാവിയിങ്കലൊരു ചിന്തയുമെന്ന്യേ
ആവിലങ്ങളകലത്തു കളഞ്ഞി-
ട്ടാവിഹംഗമിതിയോതിപതുക്കെ
ചാരുഭാഷിണികുടുംബിനിയിന്നിൻ-
സ്സ്വരമൊന്നുമതിതാപമകററാൻ
ഭീതിയില്ലമരണത്തിലെനിയ്ക്കു്
ഖേദമില്ലിഹ വിപത്തിലുമല്പം
ഭാസുരാംഗിയപഹാസംകൊണ്ടും
ക്രൂസലില്പ ലവലേശമെനിയ്ക്കു്
അൎത്ഥമാണു പുരുഷന്നു കളത്രം
വ്യൎത്ഥമീവചനമെന്നു വരാമോ
നാരിമാരുകരുതീടിൽ നരന്നു്
ഭൂരിസൌഖ്യഗുണമായിനിമാരാം
നിത്യമെന്നു കരുതാനൊരുവസ്തു
സത്യമായുലകിലില്ലമനോജ്ഞേ!
കൃത്യമേതുമലസാതെകഴിച്ചാൽ
മിത്ഥ്യയെന്നുവരുകില്ലിഹജന്മം
അൎക്കദേവനുയരുന്നുകിഴക്കേ
ദിക്കിലാശ്ശുകളഭാഷിണിമെല്ലേ
വാനിൽവാഴുമൊരു പക്ഷികളെല്ലാം
ഗാനമോടികളിയാട്ടമിവററാൽ
ഭാനുവിന്നുചിതമാമുപചാരം
ഏണനേർമിഴി തുടങ്ങിയുദാരം
ജീവജാലമഖിലം സുഖമോടെ
മേവിടുന്നസമയത്തെമറന്നു്

ക്ഷീണബുദ്ധിയൊടുന്നാമിസ്സദനേ
വാണിടുന്നകഥയെത്രനികൃഷ്ടാം
രണ്ടുകാലിൽ നടകൊള്ളുമൊരെന്നെ-
ക്കണ്ടസൂയപിടിപെട്ടമനുഷ്യർ
തണ്ടിയന്നുനടകൊൾവതുകണ്ടോ
കണ്ടിവാർകുഴലികാലവിശേഷം

മട്ടുമാറി.

കോഴികളിക്കഥയൊക്കെമറന്നു
റാഴനേരത്തവരുടെ ദിക്കിൽ
നിരൃതിക്കോണിൽ വസിച്ചാനന്നൊരു
വിരുതേറീടും കുറുനരിവീരൻ
ആണയിടുന്നതിലതിവിമുഖൻവൻ
ത്രാണിയൊടനവധി കള്ളമുരപ്പോൻ
ഈശ്വരനാമമുരയ്ക്കാതൊരുവക
വിശ്വാസക്കേടിനുതുനിയാത്തോൻ
ദൂഷ്യംചൊല്ലിബ്ബന്ധുജനങ്ങളിൽ
ഈഷ്യതയുണ്ടാക്കാനതിവിരുതൻ
മോഷ്ടിച്ചൊരുവിധമഷ്ടികഴിച്ച്
ധാർഷ്ട്യംപൂണ്ടുവസിപ്പവനനിശം
താപസകുലമണിയെന്നൊരുനാട്യം
പാപവിചാരത്തിന്നൊരുനിലയം
ഒരുനിശിയവനൊരുശബ്ദംകേട്ടു
കരളിൽ പലപല ചിന്തതുടങ്ങി
കൊക്കരകൊക്കരകുക്കക്രൂവി
ദിക്കുമുഴങ്ങുംപടിയൊരുനാദം
മിക്കപ്പോഴുമൊരുപോലിവിടത്തിൽ
കേൾക്കുന്നുണ്ടതിനെന്തൊരുബന്ധം

കുക്കുടവരനുടെ കുരൽവിളിയാണിതു്
ധിക്കൃതിയല്പവുമല്പവനോത്താൽ
കുഴലുതീട്ടു ക്ഷണിക്കുന്നേരം
മിഴിയുമടച്ചിട്ടതിസുഖവാസം
അഴകല്ലെന്നുപറഞ്ഞിടാൻചിലർ
വഴിയുണ്ടാക്കിദ്ദൂഷണമോതും
വന്നതുവന്നിന്നവിടെച്ചെന്നു്
സന്നിരോധങ്ങളൊഴിച്ചുതിരിക്കാം
പററിക്കോഴികറം വാഴുംദിക്കിൽ
കുററിക്കാട്ടിൽവാസവുമായി
സന്യാസത്തിനു കുറവില്ലെന്ന-
ല്ലന്യവിചാരമശേഷവുമില്ല
തക്കാനോക്കിക്ഷമയൊടു പാപ്പാൻ
തക്കവുമില്ലതരിമ്പെന്നാലും
"കുക്കുടേ"നിന്നുടെ കാലവിശേഷം
ദുർഘടമല്ലാതെന്തിഹചൊല്ലാം
ഇക്കുടിലൻ നരികെട്ടിയവലയിൽ
പുക്കീടാതെ കഴിപ്പാൻ വിഷമം
ഭാവിയിലുളവാം ദുഃഖമശേഷം
ആവുന്നോളംസ്വപ്നത്തിങ്കൽ
അറിയിച്ചിട്ടും വകവയ്ക്കാഞ്ഞാൽ
അറിയുന്നീയിനിയനുഭവമതിനാൽ
പ്രണയിനിവാക്കു പ്രമാണമതാക്കി
ഗുണദോഷങ്ങറം നിനച്ചീടാതെ
പണിയാമെന്നു നിരൂപിച്ചാൽ വ-
ന്നണയുംദോഷമനേകവിധത്തിൽ.
കുററമകന്നൊരു കുററക്കുഴലിക-
ളേററംപ്രിയമൊടുരപ്പതുകേട്ടു്

തെററില്ലെന്നുവിചാരിച്ചാൽ ചില
പററുകളെല്ലാം വന്നുഭവിയ്ക്കും
മാനനിമാരുടെ ശീലംപലവക
ഹാനിയ്ക്കുള്ള നിദാനമതെന്നും
മാനക്കേടിനു കാരണമെന്നും
ന്യൂനമുറപ്പവനൊരുഗതിയുണ്ടാം
കുക്കുടവരനുടെ ആശയമാണിതു്
ഇക്കവിയതിനൊട്ടു ചേരുന്നില്ല
അമ്മയ്ക്കൊരുവകദോഷംപറവാൻ
നന്മയിലാരുമതിന്നിട്ടുമുലകിൽ
അംഗനമണിമാരല്ലേനമ്മുടെ
തുംഗസുഖത്തിനു പാത്രംപാർത്താൽ
മംഗലമാരാമവരില്ലെങ്കിൽ
മങ്ങിപ്പോമീലോകമശേഷം.”

മട്ടുമാറി.

ദുഃഖമൊക്കെയകലത്തുകളഞ്ഞ-
ക്കുക്കുടേന്ദ്രനഥഭാമിനിമാരോ-
ടൊത്തുവാഴുമൊരുനാളിൽ സവിതാ-
വത്രപോയിമറയും സമയത്തു്
അന്തികത്തിലൊരുകാട്ടിലനക്കം
ഹന്തകേട്ടധികമാകുലനായി
ചുററിനോക്കുമളവാശുസമീപേ
പററിവാണുസുഖമോടു ശയിയ്ക്കും
ശത്രുശക്തിയൊടുനേത്രമിളക്കി-
ഗ്ഗാത്രമൊന്നു പരിശോധനചെയ്തു
രണ്ടുകാലുമിളകീലൊരുതെല്ലും
മിണ്ടുവാനുമരുതാതെവലഞ്ഞു

കണ്ടിടുമ്പൊളുളവായൊരുഭീതി
കൊണ്ടുതൊണ്ടയതിയായിവരണ്ടു
പന്തിയല്ലിവിടെ രൂക്ഷതനീക്കി
തന്ത്രമൊക്കെ വഴിപോലെയെടുത്തു്
ബന്ധുവെന്നനിലയിൽ പെരുമാറാൻ
സന്ധിവാക്കു ചിലതോതണമെന്നു്
അന്തരംഗമതിലന്നുകുറുക്കൻ
ചിന്തചെയ്തുടനിവണ്ണമുരച്ചു

മട്ടുമാറി.

"കഷ്ടമീഞാനൊരു ശത്രുവാണെന്നക-
ത്തട്ടിൽകരുതരുതൊന്നുകൊണ്ടും ഭവാൻ
മൂർത്തിയൊന്നാലോകനംചെയ്തെനിക്കുള്ള
നേത്രസാഫല്യംവരുത്തേണമെന്നുഞാൻ
എത്രനാളായിക്കൊതിക്കുന്നതിന്നിന്നു-
മാത്രംതരംവന്നു ഭാഗ്യം നിനയ്ക്കുകിൽ
ഇന്നുതുടങ്ങിയ ബന്ധുത്വമല്ലെന്നു-
മുന്നതകീർത്തേ! ധരിക്കേണമാത്മനി
രണ്ടുകുലത്തിൽ ജനനമെന്നാകിലും
രണ്ടെന്നുപൂർവ്വജന്മാക്കില്ലഭാവവും
ത്വൽപിതാവും, മമതാതനും, മാതാവു-
മുൽപലലോചനയാംനിൻജനനിയും
ബന്ധുക്കളായിക്കഴിഞ്ഞോരവസ്ഥകൾ
സന്തതികൾക്കു മറക്കാവതോശിവ!
എത്രവിരുന്നുകളെത്രസമ്മേളനം
എത്രവിനോദകരങ്ങളാം ലീലകൾ
ഒത്തവരന്നുനടത്തിയെന്നാക്ലമെ
വസ്തുതയില്ലെന്നുതന്നെപറഞ്ഞിടാം

കാലമെല്ലാംമാറിബാലകരായനാം
കാലികൾകോലമെടുത്തതുംകർമ്മമാം
ഗാനവിശേഷമാണെന്നിവിടത്തിൽ
ആനയിപ്പിച്ചതുമെന്നുധരിക്കണം
ഭാസുരകാന്തിയും ഗാനവും മുജ്ജന്മ-
വാസനക്രൂടാതെ സാദ്ധ്യമല്ലാക്കമേ
ഗായകന്മാരിൽ ഭവാൻെറപിതാവിനെ
ന്യായമായിട്ടു പുറകിൽനിത്തീടുവാൻ
മായമല്ലവ്വിയിലാരുമുണ്ടായീലാ
ആയതുചിന്തിച്ചു ഖേദിക്കയുംവേണ്ടാ
താതൻെറകീൎത്തിയെപ്പാലനംചെയ്യുവാൻ
ജാതനായി സുതനായിബ്ഭവാനിപ്പോൾ
മാനിയാമദ്ദേഹമാനന്ദചിത്തനായ്
ആനന്ദഭൈരവിമൂളുന്നനേരത്തു്
കണ്ണുകൾരണ്ടുമടയ്ക്കുന്നതുകാണ്കിൽ
വിണ്ണിലേഗ്ഗായകന്മാരും ഭയപ്പെടും
ഇന്നതുപോലൊരു പാട്ടുകേട്ടീടുവാൻ
വന്നുകൂടിയോഗമെന്നാൽ കൃതാൎത്ഥനായ്
എന്നല്ലനമ്മുടെ വേളിക്കൊരാഗ്രഹം
ഒന്നുകാണേണം ഭവാനെയെന്നിങ്ങനെ
കാപ്പിക്കുസൽക്കരിക്കേണമെന്നെന്നോടു
മൽപ്പത്നിചൊല്ലിയിട്ടുണ്ടുവിശേഷിച്ചും
പാദരേണുക്കൾകൊണ്ടെന്നുടെമന്ദിരം
പൂതമാക്കാൻ കനിവുണ്ടാസ്സരേണമേ

മട്ടുമാറി.

സ്തുതിവചനമിതിപലതുമതികുതുകമോടുടൻ
സൂത്രത്തിലോതിസ്സുഖിപ്പിച്ചുജംബുകൻ

ചതിയിതിലൊരണുവളവുമകതളിരിലുണ്ടെന്നു
ചിന്തിച്ചതേയില്ലകുക്കുടശ്രേഷ്ഠനും
ലളിതതനുതെളിവിനൊടു കിലുകിലവിറപ്പിച്ചു
മേളംപിടിച്ചൊന്നുപാടുവാൻകുക്കുടം
ശ്രുതിതുടരുമളവിലതിജവമൊടുകുതിച്ചുടൻ
ഓടിച്ചുകണ്ഠത്തിൽ നിർദ്ദയംകശ്മലൻ.

മട്ടുമാറി.

വല്ലഭനെപ്പിടികൂടിയനേരം
വല്ലഭമാരാം തരുണികളേഴും
വല്ലാതുഴറിപ്പരവശരായി
കൊല്ലുന്നേയെന്നാർത്തുവിളിച്ചു.
വീട്ടിലിരിക്കും വിധവയീമുറവിളി
കേട്ടിട്ടൊരുവടിയേന്തികരത്തിൽ
തോട്ടത്തിങ്കലിറങ്ങിയനേരം
വട്ടംചുററിപ്പാസിക്കുംകോഴികൾ
മുട്ടാതങ്ങനെകരയുന്നതുക-
ണ്ടൊട്ടുവിഷാദം പൂണ്ടഥനിന്നാൾ.
അയൽവാസികൾചിലരിളകിയട്ട-
ത്തീയരവംകേട്ടതുകാരണമാക്കി
കുക്കുടവരനെവഹിച്ചുംകൊണ്ടു്
തസ്കരനായൊരു ജംബുകനപ്പോൾ
ഓടുന്നതുകണ്ടവരുംപുറകേ
ഓടിപ്പിടിപിടി കൂട്ടിക്കൊണ്ടു്
ശ്വാക്കളുമവരുടെ യജമാനന്മാരും
ഗോക്കളുമന്നവധിയോട്ടമതായി
പുറകോട്ടല്പം തിരിയാതങ്ങിനെ
കുറുനരിയോടീപ്രാണഭയത്താൽ
തോടും, പുഴയും, കാടും, മലയും,

കൂട്ടംവേഗത്തോടുകടന്നു.
ബാണംപോലിഹ പാഞ്ഞവരെല്ലാം
ക്ഷീണംപൂണ്ടു തിരിഞ്ഞുപതുക്കെ
അപ്പകടമൊക്കെയൊഴിഞ്ഞതുനേര-
ത്തുപചിതകപടത്തോടുകുറുക്കൻ
കോഴിയൊടൊന്നുപറഞ്ഞുതുടങ്ങി
"ഭോഷന്മാരുടെമദമതടങ്ങി.
എല്ലാത്തോലും തൂവലുമൊരുവക
ത്തില്ലെന്നാലും കളയാതിപ്പോൾ
നല്ലൊരുകൊററു കഴിപ്പാനായി-
ട്ടില്ലൊരുതടവും ഭാഗ്യവിശേഷം"
വാക്കുകളിങ്ങനെ ചൊരിയുംനേരം
ലാക്കുപിടിച്ചക്കുക്കുടമപ്പോൾ
പൊക്കംകൂടിയവൃക്ഷക്കൊമ്പിൽ
ഊക്കോടൊന്നുപറന്നുപതിച്ചു
അണ്ടികളഞ്ഞുള്ളണ്ണാനെപ്പോൽ
മിണ്ടാതവിടെ വസിച്ചുസൃഗാലം
വൻപുപെരുത്താലിങ്ങനെയുള്ളൊരു
തുമ്പില്ലായ്മകൾ വന്നുഭവിക്കും
കൊതിയുംകോപവുമൊത്തൊരുമിച്ചു-
ച്ചതിയനുവേദനനൽകിയപാരം
പണിയാമിന്നൊരു സൂത്രംകൂടെ
ഗുണമായെങ്കിലതും ബഹുഭാഗ്യം
മതികൊണ്ടിങ്ങനെചിന്തിച്ചവ-
നതി വിനയംപൂണ്ടു പറഞ്ഞീവണ്ണം.

മട്ടുമാറി.

ഹ! ഹ! ഹ! ബഹുകഷ്ടമാണെന്നുടെ ചേഷ്ടിതം
ബഹുലപരിതാപത്തിനില്ലൊരു കാരണം

ത്വരിതമിഹഗേഹത്തിലാക്കവോന്നുള്ളൊരു
പെരിയകൊതികൊണ്ടു ഞാൻ ചെയ്തുപോയിത്തരം
വഴിവളരെദുഘടം കാലിനുവേദന
വരുവതിനുമാഗ്ഗമുണ്ടാക്കരുതെന്നു ഞാൻ
കരുതിയതിബുദ്ധിപൂവ്വംചെയ്ത വൃത്തിഹാ
ഹരഹര! ഫലിച്ചതീ മട്ടിലോദൈവമേ!
വരവിനെനിരീക്ഷിച്ച വാഴുന്നൊരെന്നുടെ
തരുണിയൊടുഞാനെന്തു ചൊല്ലുന്നതീശ്വരാ!
പചനവിധികൌശലം കാട്ടാതിരിയ്ക്കുവാൻ
പാപിയാമായവളെന്തുപിഴച്ചതും
ഉരുതരഭയത്തിന്നു ഞാൻഹേതുവാക്കിയെ-
ന്നറിയുമവളാട്ടിപ്പുറത്താക്കുമെന്നെയും
പെരിയരണത്തുരന്നാണങ്ങെന്നവാസ്തവം
അറിവതിനുചെയ്തൊരുപായമപായമായ്
ഒരുകുറിപൊറുത്തിട്ടിറങ്ങിവന്നീടുവാൻ
ചരണതളിരിൽവീണു കൂപ്പുന്നുസാമ്പ്രതം
കരളിലതികരുണയോടൊന്നു കടാക്ഷിച്ച
പരവശതനീക്കിമാം കാത്തുകൊള്ളേണമേ

മട്ടുമാറി.

ക്രോഷ്ടാവിന്നുടെ വാക്കുകളെല്ലാം
കേട്ടുകഥിച്ചുക്കക്കടമപ്പോൾ
മതിമതിനിന്നുടെ ചതിവചനങ്ങൾ
മതിയാക്കീടുക സ്തുതിവാക്കുകളും
ഉള്ളുമുഴുത്തൊരു കള്ളൻനീയിഹ
കൊള്ളിച്ചുള്ളൊരു സ്തുതിവചനത്തിൽ
എള്ളോളം ബഹുമാനമെനിക്കി-
ല്ലുള്ളിലറപ്പിനിനയ്ക്കുന്തോറും

മന്ദതകൊണ്ടൊരു ചതിവിലകപ്പെ-
ട്ടൊന്നാംതരമൊരു പാഠംകിട്ടിയ-
തെന്നും കരുതിയിരിപ്പാൻസംഗതി
വന്നാലുന്നതഭാഗ്യംതന്നെ.
കുടിലാശയരുടെ ചടുവചനങ്ങളു-
മടവിലുരയ്ക്കും കപടോക്തികളും
വടിവൊടുകേട്ടുതെളിഞ്ഞാലൊരുവക
വിട്ടുദ്ദോഷതാപംപറവുമൊടുക്കാം
പട്ടവാങ്ങീഞാൻവഞ്ചതിചെയ്യാൻ
പിടിപാടുള്ളവനെന്നുനിനക്കു്
കടുതായുള്ളൊരഹമ്മതിയുള്ളതു
മടിയോടിന്നുപൊളിഞ്ഞുതകർന്നു
കളവുകളുംപൊളിവാക്കുകളുംകൊ-
ണ്ടുളവാകില്ലിനിയൊരുഫലമെന്നു്
വെളിവായപ്പോൾ കുറുനരിയകമേ
വളരെക്ലേശിച്ചാശുനടന്നു.
പൂവൻകോഴിപറന്നുമിരുന്നും
ഭാവമതെല്ലാം തെല്ലുപകർത്തി
കൂവാതൊരുവിധമാത്മഗൃഹത്തിൽ
ആവുംവണ്ണംചെന്നുകരേറി
കുക്കുടവരനെക്കണ്ടൊരുനേരം
ഉൾക്കാമ്പൊന്നുതെളിഞ്ഞെല്ലാ[illegible]
വിധവയുമാത്മജമാരുംമോദി-
ച്ചധികസുഖത്തൊടുവാണാരവിടെ.

ശുഭം.

"മനോമോഹനം" പ്രസ്സ്,
കൊല്ലം.